TB Movie Panel Weekly Review

**#moviepanel**

ക്രിസ്റ്റഫർ

എഴുതിയത് : ലിജോ റേച്ചൽ ജോർജ്

ക്രിസ്റ്റഫർ എന്ന പോലീസ് ഉദ്യോഗസ്ഥന്റെ ജീവിതവും അതോടൊപ്പം തന്നെ അദ്ദേഹത്തിനു ചുറ്റുമുള്ളവരുടെ ജീവിതത്തിൽ സംഭവിക്കുന്നതുമായ കുറച്ചു കാര്യങ്ങളുമാണ് ഈ ചലച്ചിത്രം പറയുന്നത്. മമ്മൂട്ടി നായകനായി എത്തുന്ന ഈ ആക്ഷൻ ത്രില്ലർ ചിത്രം സംവിധാനം ചെയ്തിരിക്കുന്നത് ബി.ഉണ്ണികൃഷ്ണനാണ്. ചിത്രത്തിന്റെ കഥയും തിരക്കഥയും ഉദയ്കൃഷ്ണയുടെതാണ്.

ഒറ്റ വാക്യത്തിൽ പറഞ്ഞാൽ, പഴയ വീഞ്ഞ് പുതിയ കുപ്പിയിൽ വിളമ്പുന്നു എന്നതാണ് ഇതിന്റെ പ്രത്യേകത. അതോടൊപ്പം തന്നെ ക്രിസ്റ്റഫർ എന്ന പോലീസ് ഉദ്യോഗസ്ഥന്റെ ചെയ്തികളെയും മൊറാലിനേയും സാധൂക്കരിക്കാൻ തക്കവിധം ചേർത്തുവെച്ച ക്ലിഷേ വടക്കൻ ജില്ല-വിപ്ലവ - ദുരന്ത ഫ്ലാഷ്ബാക്കും, പുട്ടിന് പീര പോലെ ഇടയ്ക്കിടയ്ക്ക് വിതറിയിട്ട ഹൈദരാബാദ് എൻകൗണ്ടർ ഓർമ്മപ്പെടുത്തലും ഒപ്പം ഇടയ്ക്കൊക്കെ വന്നു പോകുന്ന വിപ്ലവവും സോഷ്യൽ മീഡിയ ഹാഷ്ടാഗുകളും വാഴ്ത്തലും താഴ്ത്തലും കേട്ടു കേട്ട് കാണാപ്പാഠമായ ടാഗ് ലൈനുകളും ഒക്കെ ചേർന്ന് പാടിപ്പതിഞ്ഞുപോയ പഴയ അതേ പാട്ട് തന്നെയാണ് ക്രിസ്റ്റഫർ.

പുതുമ ഒന്നുമില്ലാത്ത സ്ക്രിപ്റ്റും ഏറെക്കുറെ പ്രെഡിക്റ്റബിളായ ക്ലൈമാക്സും ഇടയ്ക്ക് പലപ്പോഴും എവിടെയോ കേട്ട് പരിചയമുള്ളതു പോലെ തോന്നുന്ന ബിജിഎമ്മും ഒക്കെയാണ് ഈ സിനിമ പ്രേക്ഷകർക്ക് തരുന്നത്.ഒരു ത്രില്ലർ ആവുമ്പോൾ ഫണ്ട് ഇറക്കാനും പിന്നിൽ നിന്ന് ചരട് വലിക്കാനും ഒക്കെ ഒരു വില്ലനെ കൊണ്ടുവരുന്ന പഴയ അതേ രീതിയും എല്ലാം ഇതിലും അതേപോലെ തന്നെയുണ്ട്.

അഭിനയത്തിലേക്ക് വരുമ്പോൾ, മസില് പിടിച്ചത് പോലെയുള്ള ഒരു ഫീൽ ആണ് മമ്മൂക്ക എന്ന മഹാനടനിൽ നിന്നു പലപ്പോഴും ലഭിക്കുന്നത്. സമാനമായ വിഷയം കൈകാര്യം ചെയ്യുന്ന ദി ഗ്രേറ്റ് ഫാദറും കഴിഞ്ഞ വർഷം ഇറങ്ങിയ ഭീഷ്മയും പോലുള്ള ചിത്രങ്ങളിൽ കണ്ട മമ്മൂക്കയെ ഇതിൽ കാണാൻ സാധിച്ചില്ല എന്നുള്ളതാണ് മറ്റൊരു ദുഃഖസത്യം.വില്ലനായി എത്തിയ അന്യ ഭാഷ നടൻ വിനയ് റായ് ലുക്കിലും അഭിനയത്തിലും മികച്ചു നിന്നു എന്ന് പറയാതെ വയ്യാ!സ്ത്രീ കഥാപാത്രങ്ങളിൽ, പോലീസ് വേഷത്തിൽ എത്തിയ അമല പോളിനാണ് കൂടുതൽ സ്ക്രീൻ സ്പെയ്സ് കിട്ടിയത്.ഒരു കുറ്റാന്വേഷണ മേധാവിയുടെ ആ റോൾ അവർ ഒരുവിധം നന്നായി ചെയ്തിട്ടുമുണ്ട്. ക്രിസ്റ്റഫറിന്റെ ഭാര്യ ബീനയായി എത്തിയ സ്നേഹയും നന്നായിരുന്നുവെങ്കിലും ഇടയ്ക്കിടയ്ക്ക് ചെറിയ പോരായ്മകൾ അനുഭവപ്പെട്ടു.ഐശ്വര്യ ലക്ഷ്മി, അതിഥി രവി, വിനീത കോശി തുടങ്ങിയവരുടെ നിർവികാര ഭാവത്തിന് കാര്യമായ സ്ക്രീൻ സ്പേസും

ഉണ്ടായിരുന്നില്ല.

ടൈപ്പ്കാസ്റ്റായി എത്തുന്ന ഷൈൻ ടോം ചാക്കോ,സിദ്ധിക്ക്, ദിലീഷ് പോത്തൻ, രമ്യ സുരേഷും ഒപ്പം ജിനു ജോസഫും ദീപക് പരമ്പോളും ആണ് മറ്റ് പ്രധാന അഭിനേതാക്കൾ. എന്നിരുന്നാലും അവരുടെ അഭിനയം നന്നായിരുന്നു താനും.സിദ്ദിഖിന്റെ മകൻ ഷഹീനും ഈ ചിത്രത്തിൽ ഒരു വേഷം ചെയ്യുന്നുണ്ട്.ഡയലോഗ് ഡെലിവറിയിലെ അപാകത ഒഴിച്ചാൽ,പതിവ് പോലെ ഷൈൻ ഇതിലും മികച്ചു നിന്നു.ഷൈനിന്റെ ഡയലോഗ്സ് ചില സ്ഥലങ്ങളിൽ മനസ്സിലാക്കാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടു.ശബ്ദത്തിന്റെയും രൂപത്തിന്റെയും പ്രത്യേകത കൊണ്ടാണോ ഷൈൻ ഒരേ തരം വേഷങ്ങൾ തന്നെ തിരഞ്ഞെടുക്കുന്നത് എന്നും ചിന്തിച്ചു പോകുന്നു..

ഇത്രയും വായിച്ചപ്പോൾ സിനിമ എന്തിനെപ്പറ്റിയാണ് പറയുന്നത് എന്നതും ഊഹിച്ചു കാണുമല്ലോ അല്ലേ!സമൂഹത്തിൽ അഴിമതിയും അക്രമവും എല്ലാം ഉണ്ടെന്നു വച്ച് വീണ്ടും വീണ്ടും സിനിമകളിൽ അതേ ക്ലിഷേ വിഷയം തന്നെ പ്രതിപാദിക്കുന്നത്,ഇത് ചെയ്യുന്നവർക്ക് ബോറടിക്കുന്നില്ലെങ്കിലും കാണുന്ന കുറേ ആളുകൾക്ക് മടുപ്പ് ആണെന്നുള്ളത് ഇവരൊക്കെ ഇനിയെന്നാണ് പഠിക്കുക! എന്നിട്ടും ഇന്നും ഇതൊക്കെ ഇഷ്ടപ്പെടുന്നവർ ഉണ്ടെന്നതും ഒരു വസ്തുതയാണ് താനും.

ആറാട്ട് വഴി കിട്ടിയ ആകാശയാത്രയങ്ങു ഇഷ്ടപ്പെട്ടു പോയതുകൊണ്ടാണോ സംവിധായകൻ, സീനിയർ താരങ്ങൾക്ക് ഇത്തരം സിനിമകൾ വീണ്ടും കൊടുക്കുന്നത് എന്നതും മമ്മൂക്കയെ പോലുള്ളവർ എന്തിന് ഇത്തരം സിനിമകളിൽ അഭിനയിക്കുന്നു എന്നതുമാണ് ക്രിസ്റ്റഫർ ബാക്കിവെച്ച ചിന്ത.

ആവറേജ് നിലവാരത്തിൽ അനുഭവപ്പെട്ട ഈ ചലച്ചിത്രം ആമസോൺ പ്രൈം ഒടിടിയിൽ ലഭ്യമാണ്